9

# യേശുവിന്റെ സഭ: ആരാധന (1)

സംഘടന, ശരീരത്തിന്റെ നട്ടെല്ലാണെങ്കിൽ ആരാധന ഹൃദയമാണ്. "നിന്റെ ദൈവമായ കർത്താവിനെ, നമസ്ക്കരിച്ചു അവനെ മാത്രമെ ആരാധിക്കാവൂ" (മത്തായി 4:10).

ആരാധന എന്താണെന്നും എങ്ങനെയാണെന്നും പ്രതിപാദിക്കുന്ന മുഖ്യമായ രണ്ടു കാര്യങ്ങൾ ഉണ്ട്. യേശു ശമര്യക്കാരി സ്ത്രീയോട് പറഞ്ഞു, "... സത്യനമസ്ക്കാരികൾ പിതാവിനെ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കുന്ന നാഴിക വരുന്നു ഇപ്പോൾ വന്നുമിരിക്കുന്നു; തന്നെ നമസ്ക്കരിക്കുന്നവൻ ഇങ്ങനെയുള്ളവൻ ആയിരിക്കേണം എന്നു പിതാവു ഇച്ഛിക്കുന്നു. ദൈവം ആത്മാവാകുന്നു, അവനെ നമസ്ക്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും നമസ്ക്കരിക്കേണം" (യോഹന്നാൻ 4:23, 24). "ആത്മാവിൽ" ആരാധിക്കുക എന്നു പറഞ്ഞാൽ ഒരാളുടെ ഹൃദയത്തിൽ ആരാധിക്കുക എന്നർത്ഥം. വാസ്തവത്തിൽ ആരാധകർ അവർ ചെയ്യുന്നതു എന്തെന്നു ചിന്തിക്കും; അവരുടെ ചിന്തകൾ സ്വർഗ്ഗത്തിലേക്കുയർത്തും. "സത്യത്തിൽ" ആരാധിക്കുന്നതിൽ വചനത്തിൽ പറഞ്ഞിരിക്കുന്നതനുസരിച്ചുള്ള, ആരാധനയും അടങ്ങുന്നു. യേശു പറഞ്ഞതു "ദൈവവചനമാണ് സത്യം" (യോഹന്നാൻ 17:17).

യേശുവിന്റെ സഭയിലെ ആരാധനയെക്കുറിച്ചു തിരുവെഴുത്തു പഠിപ്പിക്കുന്നതിനെ ഈ പാഠത്തിലും അടുത്തതിലും, നാം പരിശോധിക്കും. നാം അപ്പോൾ ആരാധന "എന്തു" "എങ്ങനെ" എന്നതിനു ഊന്നൽ കൊടുക്കും. ദൈവത്തെ ആരാധിക്കുന്നതു ശരിയായ മനോഭാവത്തോടും പ്രവൃത്തിയോടും കൂടെ ആയിരിക്കണം.

### പ്രത്യേക ആരാധനാ ദിവസം

ആഴ്ചയിൽ ഏതു ദിവസം വേണമെങ്കിലും നമുക്കു ആരാധിക്കാം സഭ ആദ്യം സ്ഥാപിച്ചപ്പോൾ ക്രിസ്ത്യാനികൾ ദിവസവും കൂടി വന്നിരുന്നു (പ്രവൃത്തി 2:46). എന്നിരുന്നാലും, ക്രിസ്ത്യാനികൾ ആഴ്ച

യുടെ ഒരു പ്രത്യേക ദിവസം കൂടി വന്നു ആരാധിക്കണമെന്നു പുതിയനിയമം പഠിപ്പിക്കുന്നുണ്ട്.

പഴയനിയമത്തിൽ, പ്രത്യേകമായ ആരാധനാദിവസം ശബ്ബത്തുനാൾ ആഴ്ചയുടെ ഏഴാം നാൾ ആയിരുന്നു (പുറപ്പാട് 20:10, 11) – അതു ശനിയാഴ്ച്ചയായിരുന്നു. ക്രിസ്ത്യാനിത്വത്തിൽ പ്രത്യേകദിനം ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ – ഞായറാഴ്ചയാണ്. ഈ ദിവസമായിരുന്നു കർത്താവു മരിച്ചവരിൽ നിന്നും ഉയിർത്തെഴുന്നേറ്റത് (മത്തായി 28:1, 6). ഈ ദിവസമായിരുന്നു ആദ്യ ക്രിസ്ത്യാനികൾ കൂടി വന്നിരുന്നത് (1 കൊരിന്ത്യർ 16:2), ആ ദിവസമായിരുന്നു അവർ കർത്തൃമേശയിൽ നിന്നു പങ്കെടുത്തിരുന്നത് (പ്രവൃത്തി 20:7). ഞായറാഴ്ചയാണ് "കർത്തൃദിവസം" എന്നറിയപ്പെട്ടിരുന്നതു (വെളിപ്പാട് 1:10).[1]

ആരാധനയുടെ അഞ്ചു പദപ്രയോഗങ്ങൾ നാം പഠിക്കും. ഇവയിൽ മൂന്നു കാര്യങ്ങൾ ഏതു ദിവസവും ചെയ്യാം: ബൈബിൾ പഠനം, പ്രാർത്ഥന, പാട്ടുപാടൽ എന്നിവയാണ് അവ. മറ്റു രണ്ടു കാര്യങ്ങൾ ആഴ്ച്ചവട്ടത്തിന്റെ ഒന്നാം നാളുമായുള്ള ബന്ധത്തിൽ ചെയ്യുന്നതാണ് കർത്തൃമേശയും ധർമ്മശേഖരവും ആണ് അവ.

## ആരാധനയുടെ പദപ്രയോഗങ്ങൾ

### കർത്തൃമേശ

ആരാധനയുടെ ആദ്യ പദപ്രയോഗമായി നാം പരിഗണിക്കാൻ ആഗ്രഹിക്കുന്നതു കർത്തൃമേശയാണ്. യേശു തന്റെ ശിഷ്യന്മാരുമായി, അവസാന പെസഹ[2] ആഘോഷിച്ചപ്പോൾ കർത്തൃമേശ സ്ഥാപിച്ചു കൊടുത്തു.

> ... ഞാൻ കർത്താവിൽ നിന്നു പ്രാപിക്കയും നിങ്ങൾക്കു ഏല്പിക്കയും ചെയ്തതു എന്തെന്നാൽ അവൻ അപ്പം എടുത്തു വാഴ്ത്തി നുറുക്കി; "ഇതു നിങ്ങൾക്കു വേണ്ടിയുള്ള; എന്റെ ശരീരം, എന്റെ ഓർമ്മയ്ക്കായി ചെയ്‌വിൻ എന്നു പറഞ്ഞു" അവ്വണ്ണം തന്നേ അത്താഴം കഴിഞ്ഞശേഷം, അവൻ പാനപാത്രവും എടുത്തു, പറഞ്ഞു, "ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയനിയമം ആകുന്നു; ഇതു, കുടിക്കുമ്പോഴൊക്കെയും എന്റെ ഓർമ്മക്കായി ചെയ്‌വിൻ എന്നു പറഞ്ഞു." അങ്ങനെ നിങ്ങൾ ഈ അപ്പം തിന്നുകയും പാനപാത്രം കുടിക്കുകയും ചെയ്യുമ്പോഴൊക്കെയും, കർത്താവു വരുവോളം അവന്റെ മരണത്തെ പ്രസ്താവിക്കുന്നു. അതുകൊണ്ടു അയോഗ്യമായി അപ്പം തിന്നുകയോ കർത്താവിന്റെ പാനപാത്രം കുടിക്കുകയോ ചെയ്യുന്നവൻ എല്ലാം കർത്താവിന്റെ ശരീരവും രക്തവും സംബന്ധിച്ചു കുറ്റക്കാരൻ ആകും,[3] മനുഷ്യൻ തന്നെത്താൻ ശോധന ചെയ്തിട്ടുവേണം, ഈ അപ്പം തിന്നുകയും

പാനപാത്രത്തിൽ നിന്നു കുടിക്കുകയും ചെയ്‌വാൻ (1 കൊരിന്ത്യർ 11:23–28).[4]

യേശു കർത്തൃമേശ സ്ഥാപിച്ചു കൊടുത്തപ്പോൾ, അവൻ ഉപയോഗിച്ചതു പുളിപ്പില്ലാത്ത ഗോതമ്പു കൊണ്ടുള്ള അപ്പവും[5] മുന്തിരി വള്ളിയുടെ അനുഭവവുമായിരുന്നു.[6] ആദ്യത്തെ ആ ആഘോഷത്തിൽ പങ്കെടുത്തവർ അപ്പത്തിൽ നിന്നും പാനപാത്രത്തിൽ നിന്നും പങ്കിട്ടു.[7]

"ഇതു എന്റെ ശരീരം ആകുന്നു," എന്നു യേശു പറഞ്ഞപ്പോൾ അതു മർമ്മമായോ മായയായോ അവന്റെ മാംസമായി തീരുമെന്നല്ല അർത്ഥമാക്കിയതു. കാരണം അവൻ അവരുടെ മുമ്പിൽ നില്ക്കുകയായിരുന്നു, അവന്റെ ജഡത്തിനു ഒരു കേടും പറ്റിയിരുന്നില്ല. ഞാൻ എന്റെ സഞ്ചിയിൽ നിന്നു ഒരു ഫോട്ടോ തപ്പി എടുത്തുകൊണ്ടു പറഞ്ഞു, "ഇതാ എന്റെ കൊച്ചുമക്കൾ" അതുപോലെയാണ്, പുളിപ്പില്ലാത്ത അപ്പം യേശുവിന്റെ ശരീരത്തെ പ്രതിനിധാനം ചെയ്യുന്നു, മുന്തിരിവള്ളിയുടെ അനുഭവം അവന്റെ രക്തത്തെയും.

കർത്തൃമേശയെ ചിലപ്പോൾ "കൂട്ടായ്മ" എന്നും വിളിച്ചിട്ടുണ്ട് (1 കൊരിന്ത്യർ 10:16; കെജെവി[8]). അല്ലെങ്കിൽ "കർത്താവിന്റെ മേശ" എന്നും വിളിക്കുന്നുണ്ട് (1 കൊരിന്ത്യർ 10:21) കാരണം ആരാധകരുടെ പുളിപ്പില്ലാത്ത് അപ്പം നുറുക്കലോടുകൂടിയാണ്, ആരാധനയുടെ ഈ ഭാഗത്തെ "അപ്പം നുറുക്കൽ":[9] എന്നറിയപ്പെട്ടിരുന്നു. പ്രാരംഭ ക്രിസ്ത്യാനികൾ "തുടർച്ചയായി അപ്പം നുറുക്കുകയും ... കൂട്ടായ്മ ആചരിക്കയും ചെയ്തു വന്നു ..." (പ്രവൃത്തി 2:42).

പുതിയ നിയമ സഭ കർത്തൃമേശ എടുത്തിരുന്നതു ഓരോ ആഴ്ചവട്ടത്തിന്റേയും ഒന്നാം നാളിൽ ആയിരുന്നു. സഭ ഓരോ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിലും കൂടിവന്നിരുന്നു (1 കൊരിന്ത്യർ 16:1, 2). ആരാധനയിൽ കർത്തൃമേശ ആചരിക്കും തുടർന്നു വന്നു. പ്രവൃത്തി 20–ൽ നാം വായിക്കുന്നത്, പൗലൊസും, ലൂക്കൊസും, മറ്റുള്ളവരും ത്രോവാസിൽ എത്തി. ലൂക്കൊസ് പിന്നെ എഴുതി, "ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ അവർ അപ്പം നുറുക്കുവാൻ കൂടി വന്നപ്പോൾ പൗലോസ് അവരോടു സംഭാഷിച്ചു പാതിരവരെയും പ്രസംഗിച്ചു ..." (പ്രവൃത്തി 20:7). ത്രോവാസിലെ ഇടവക കൂടി വന്നപ്പോൾ, അതിന്റെ പ്രാഥമിക ഉദ്ദേശം അപ്പം നുറുക്കൽ ആയിരുന്നു. ആദ്യ നൂറ്റാണ്ടുകളിലെ ക്രിസ്ത്യാനികളുടെ എഴുത്തുകളിൽ നിന്നും സഭയുടെ ഈ പരിശീലനം അനേകവർഷങ്ങളോളം തുടർന്നിരുന്നു: എന്നു മനസിലാക്കാം. ക്രിസ്ത്യാനികൾ ആഴ്ച വട്ടത്തിന്റെ ഒന്നാം നാളിൽ, വന്നപ്പോൾ അവരുടെ പ്രാഥമിക ലക്ഷ്യം അപ്പം നുറുക്കൽ ആചരിക്കലായിരുന്നു.

കർത്തൃമേശ ആചരിച്ചു ദൈവത്തെ പ്രസാദിപ്പിക്കുമ്പോൾ കാര്യ

ങ്ങൾ ശരിയായി ചെയ്യണമെന്നതു: പ്രാധാന്യമുള്ള കാര്യമാണ്. ക്രിസ്ത്യാനികൾ ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ പുളിപ്പില്ലാത്ത അപ്പത്തിൽ നിന്നു ഭക്ഷിക്കുകയും മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്നു, കുടിക്കുകയും ചെയ്യണം. അതു ശരിയായ വിധത്തിൽ: എടുക്കേണം എന്നതും മുഖ്യമായ കാര്യമാണ്. ആരാധകർ അവരുടെ ചിന്ത യേശുവിന്റെ യാഗത്തിൽ കേന്ദ്രീകരിക്കണം. ആ യാഗവും അവരും തമ്മിലുള്ള ബന്ധവും മനസിലാക്കണം (1 കൊരിന്ത്യർ 11:26–29 വായിക്കുക).

**ദൈവത്തിന്റെ വചനം**

ത്രോവാസിലെ സഭ കർത്തൃമേശ ആചരിക്കുവാൻ, കൂടി വന്നപ്പോൾ പൗലോസ് അവരോടു ദൈവേഷ്ടം പ്രസംഗിച്ചു (പ്രവർത്തി 20:7).[10] ദൈവത്തോടടുക്കുന്ന മറ്റൊരു പ്രധാനപ്പെട്ട വഴിയാണ് ദൈവ വചനം ഉപദേശിക്കയും പ്രസംഗിക്കയും ചെയ്യുക എന്നത്. ആദ്യസഭ എല്ലായ്പ്പോഴും ഒരുമിച്ചു കൂടി വചനം വായിച്ച് ചർച്ച ചെയ്തു പഠിക്കുമായിരുന്നു (പ്രവൃത്തി 2:42; കൊലൊസ്യർ 4:16).

പരസ്യമായ ആരാധനാ സമയത്തു ഉപദേശിക്കുന്നതിനു ബൈബിൾ ചില പരിമിതികൾ വെച്ചിട്ടുണ്ട്. ദൈവത്തിന്റെ വചനം മാത്രമായിരിക്കണം പ്രസംഗിക്കേണ്ടതു, മനുഷ്യരുടെ അഭിപ്രായങ്ങളോ തത്വങ്ങളോ ആകരുത് (2 തിമൊഥെയൊസ് 4:1–4).[11] സഭായോഗങ്ങളിൽ പ്രസംഗിക്കയും ഉപദേശിക്കയും ചെയ്യേണ്ടതു പുരുഷന്മാരാണ് (1 കൊരിന്ത്യർ 14:34).[12]

വചനപ്രകാരം "എന്തു" പ്രസംഗിക്കണമെന്നു അറിഞ്ഞാൽ മാത്രം പോരാ, ഉപദേഷ്ടാവു, ദൈവത്തെ – പ്രസാദിപ്പിക്കുന്ന പ്രസംഗം നടത്തുമ്പോൾ എല്ലാവരും ആരാധിക്കുന്നു എന്നു ഉറപ്പ് ഒന്നുമില്ല. കേൾക്കുന്നവരുടെ ഹൃദയങ്ങളിലാണ് ആരാധന നടക്കുന്നത്. പ്രസംഗശുശ്രൂഷയിൽ വന്നിരിക്കുന്ന എല്ലാവരും ശ്രദ്ധയോടെ പങ്കെടുക്കണം. അതു തന്റെ ജീവിതത്തിൽ പ്രായോഗികമാക്കുകയും വേണം.

**പ്രാർത്ഥന**

ആരാധനയുടെ പ്രധാനപ്പെട്ട ഭാഗമാണ് പ്രാർത്ഥന. പൗലോസ് തെസ്സലോനിക്യയിലുള്ള ക്രിസ്ത്യാനികളോടു "ഇടവിടാതെ പ്രാർത്ഥിപ്പിൻ" എന്നു പറഞ്ഞിട്ടുണ്ട് (1 തെസ്സലൊനിക്യർ 5:17). നാം ബൈബിൾ വായിക്കുമ്പോൾ, ദൈവം നമ്മോടു സംസാരിക്കുന്നതും, പ്രാർത്ഥിക്കുമ്പോൾ, നാം ദൈവത്തോടു സംസാരിക്കുന്നതും ആണെന്നു ആരോ പറഞ്ഞിട്ടുണ്ട്. പുതിയ നിയമത്തിൽ, ക്രിസ്ത്യാനികൾ കൂടി വന്നപ്പോൾ, അവർ പ്രാർത്ഥിച്ചിരുന്നു (പ്രവൃത്തി 2:42; 4:23, 24; 6:6; 12:12).

പരസ്യവും രഹസ്യവുമായ ആരാധനയുടെ ശക്തമായ ഭാഗമാണ്

പ്രാർത്ഥന. ഓരോ ക്രിസ്ത്യാനിയും തന്റെ പ്രാർത്ഥനാ ജീവിതത്തിൽ വളർന്നു കൊണ്ടിരിക്കണം (മത്തായി 6:5–15; 14:23; ലൂക്കോസ് 5:16; പ്രവൃത്തി 10:9; 16:25).

പരസ്യാരാധനയിൽ ഇടവകയിലെ പുരുഷന്മാരുടെ ധാരാളം പ്രാർത്ഥനകൾ ഉൾപ്പെടുന്നുണ്ട്. പൗലൊസ് എഴുതി, "ആകയാൽ പുരുഷന്മാർ എല്ലായിടത്തും കോപവും വാഗ്വാദവും വിട്ടകന്നു വിശുദ്ധ കൈകളെ ഉയർത്തി പ്രാർത്ഥിക്കേണം, എന്നു ഞാൻ ആഗ്രഹിക്കുന്നു" (1 തിമൊഥെയൊസ് 2:8). "സ്ത്രീ" ലിംഗത്തിനു എതിരായ പദമാണ് ഗ്രീക്കിൽ "പുരുഷന്മാർ" എന്ന വാക്ക് ഉപയോഗിച്ചിരിക്കുന്നത്. അതുകൊണ്ട് "പുരുഷന്മാർ" മാത്രമേ പരസ്യാരാധനയിൽ പ്രാർത്ഥിക്കാവൂ.

വീണ്ടും, വാസ്തവത്തിലുള്ള ആരാധന കൂടാതെ തന്നെ പ്രാർത്ഥിക്കാവുന്ന പരസ്യപ്രാർത്ഥന "എന്ത്" എന്ന് നോക്കാം. പ്രാർത്ഥനനയിക്കുന്ന ആൾ ദൈവസാന്നിദ്ധ്യം അറിഞ്ഞു തന്റെ ചിന്തകൾ മനുഷ്യരെ അല്ല ദൈവത്തെയാണ് അറിയിക്കേണ്ടത്. പ്രാർത്ഥനയിൽ നയിക്കപ്പെടുന്നവർക്കും അവരുടെ ഹൃദയങ്ങളിൽ അപേക്ഷകളും നന്ദിയുമായി പ്രാർത്ഥിക്കണം. അവസാനം അവർ "ആമേൻ" എന്നു പറയണം (ഉറക്കെയോ ചിന്തയിലോ). അതു ആ അർത്ഥത്തിലായിരിക്കണം (1 കൊരിന്ത്യർ 14:16; മത്തായി 6:13; റോമർ 16:27; എഫെസ്യർ 3:21).[13]

**ധർമ്മശേഖരം**

ആഴ്ചവട്ടത്തിന്റെ ഒന്നാം നാളിൽ ധർമ്മ ശേഖരം നല്കുന്നതിലൂടെ നാം ദൈവത്തെ അനുമോദിക്കയാണ്.[14] പൗലൊസ് കൊരിന്ത്യ സഭയോടു പറഞ്ഞു,

> വിശുദ്ധന്മാർക്കു വേണ്ടിയുള്ള ധർമ്മശേഖരത്തിന്റെ കാര്യത്തിലോ ഞാൻ ഗലാത്യ സഭകളോടു, ആജ്ഞാപിച്ചതു പോലെ നിങ്ങളും ചെയ്വിൻ. ഞാൻ വന്നശേഷം മാത്രം ശേഖരം,[15] ഉണ്ടാകാതിരിക്കേണ്ടതിന്നു ആഴ്ചവട്ടത്തിൽ ഒന്നാം നാൾ തോറും, [16]നിങ്ങളിൽ ഓരോരുത്തൻ തനിക്കു കഴിവുള്ളതു തന്റെ പക്കൽ വെച്ചു കൊള്ളേണം (1 കൊരിന്ത്യർ 16:1, 2).

പഴയനിയമത്തിൽ പ്രത്യേക ശതമാനം ആരാധകർ നല്കുവാൻ പറഞ്ഞിരുന്നു: ആരാധനക്കുള്ളതിന്റെ 10 ശതമാനം കൊടുക്കണമായിരുന്നു. ഇതിനെ "ദശാംശം" എന്നു വിളിച്ചിരുന്നു (ലേവ്യാപുസ്തകം 27:30; അവർത്തനപുസ്തകം 14:22; മലാഖി 3:8–10). പുതിയ നിയമത്തിൽ ക്രിസ്ത്യാനികളോടു പ്രത്യേക ശതമാനം കൊടുപ്പാൻ പറഞ്ഞിട്ടില്ല. മറിച്ചു, അതു പഠിപ്പിക്കുന്നതു മനഃപ്പൂർവ്വമായി, ഔദാര്യമായി, സന്തോഷ

ത്തോടെ നല്കേണമെന്നാണ് (2 കൊരിന്ത്യർ 9:6, 7), "[അവരുടെ] വരുമാനം സൂക്ഷിച്ച്" തങ്ങളുടെ വരുമാനമനുസരിച്ചു നല്കണം (1 കൊരിന്ത്യർ 16:2; എൻഐവി). ക്രിസ്ത്യാനികൾ തങ്ങളുടെ നേടുന്നതിൽ, 10 ശതമാനത്തിലും കൂടുതൽ നല്കുന്നവരാണെന്ന് എനിക്കറിയാം. അവരുടെ മനോഭാവം അതാണ്, അല്ലാതെ നിർബന്ധംകൊണ്ടല്ല.

ഒരാൾ "സമൃദ്ധിയിൽ" നിന്നു നല്കിയാലും ആരാധനയായി തീരാതിരിക്കാം. ആരാധകർ ഈ ധർമ്മശേഖരം നടത്തുന്നതു പ്രാർത്ഥയിൽ നന്ദിയോടെയാകണം. ഈ ദാനം ദൈവം സ്വീകരിക്കേണ്ടതിന്നും ആയിരിക്കണം.

**പാട്ടുപാടൽ**

ആരാധനയുടെ അഞ്ചാമത്തെ ഭാഗമാണ് പാട്ടുപാടൽ കൊലൊസ്യയിലെ സഭയോടു ആജ്ഞാപിച്ചതു, "സങ്കീർത്തനങ്ങളാലും സ്തുതികളാലും ആത്മിക ഗീതങ്ങളാലും തമ്മിൽ പഠിപ്പിച്ചും ബുദ്ധിയുപദേശിച്ചും, നന്ദിയോടെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിനു പാടിയും, ഇങ്ങനെ ക്രിസ്തുവിന്റെ വചനം ഐശ്വര്യമായി സകല ജ്ഞാനത്തോടും കൂടെ നിങ്ങളിൽ വസിക്കട്ടെ" (കൊലൊസ്സ്യർ 3:16) എന്നാണ്. അടുത്ത പാഠത്തിനായി പാട്ടുപാടൽ ചർച്ച നമുക്കു നിർത്താം. എന്നാൽ ആരാധന "എന്താണെന്നു" "അന്യോന്യം പ്രബോധിപ്പിക്കയും ... ബുദ്ധിയുപദേശിക്കയും" ആണെന്നും "എങ്ങനെ" എന്നതു "ഹൃദയത്തിൽ നന്ദിയോടെ" "കർത്താവിനു ... പാടിയും" എന്നതു ഇവിടെ ഊന്നി പറയുന്നു.

## ആരാധനയുടെ പ്രാധാന്യം

പരസ്യാരാധനക്കു ഊന്നൽ കൊടുത്തുള്ള പുതിയ നിയമാരാധനയെക്കുറിച്ചു നാം ചർച്ച ചെയ്തു, "നാം ആരാധനക്കു കൂടി വന്നാലും വന്നില്ലെങ്കിലും അതിൽ വ്യത്യാസമുണ്ടോ?" അനേകർ വിചാരിക്കുന്നതു നിരന്തരമായി ആരാധനക്കു കൂടി വരുന്നതു പ്രാധാന്യമുള്ളതാണെന്നാണ്. എന്താണ് ബൈബിൾ പഠിപ്പിക്കുന്നതു? ദൈവം ഈ വിഷയത്തെപറ്റി പറഞ്ഞിരിക്കുന്നതു പഠിക്കുവാൻ വിസ്മയം കൂറുന്നവരാണ് ചിലർ.

ഒരിക്കൽ വിശ്വസ്തരായിരുന്ന ക്രിസ്ത്യാനികൾക്കു എഴുതുന്നതാണ് എബ്രായലേഖനം (എബ്രായർ 10:32–34) ചില കാരണങ്ങൾ, കൊണ്ട് അവർ താല്പര്യക്കുറവും ഉപേക്ഷയും വിചാരിക്കാൻ തുടങ്ങി (എബ്രായർ 2:3). ഇതിൽ പരസ്യയോഗങ്ങൾക്ക സഭയായി കൂടിവരുന്നതും ഉൾപ്പെടുന്നു (10:25) അവരോട് "സ്നേഹത്തിലും സത്പ്രവർത്തിയിലും അന്യോന്യം പ്രബോധിപ്പിക്കുവാൻ"

പറഞ്ഞിരുന്നു (10:24). അതിനാൽ നാം ഇങ്ങനെ വായിക്കുന്നു, *ചലർ ചെയ്യുന്നതു പോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ,* തമ്മിൽ പ്രബോധിപ്പിച്ചുകൊണ്ടു ''സ്നേഹത്തിനും സൽപ്രവർത്തിക്കും ഉത്സാഹം വർദ്ധിപ്പിപ്പാൻ അന്യോന്യം; സൂക്ഷിച്ചുകൊൾക." നാൾ സമീപിക്കുന്നു എന്നു കാണുന്തോറും അതു അധികം ചെയ്യേണ്ടതാകുന്നു (10:25).[17] ഇന്നത്തെ ആളുകൾക്കു, കർത്താവിന്റെ രണ്ടാം വരവു[18] "അടുത്തിരിക്കകൊണ്ടു" നാമെല്ലാം എപ്പോഴും ഒരുങ്ങിയിരിക്കണം (മത്തായി 25:13).

ആരാധന മുടക്കുന്നവർ സാധാരണ അവരുടെ ക്രിസ്തീയ ജീവിതത്തിലെ മറ്റു മേഖലകളിലും ഉപേക്ഷ വിചാരിക്കുന്നവർ ആയിരിക്കും. ഇതിനെതിരായി മുന്നറിയിപ്പ് നല്കുന്ന വാക്യങ്ങളാണ് എബ്രായർ 10:26–31 വരെയുള്ളതു:

> സത്യത്തിന്റെ പരിജ്ഞാനം ലഭിച്ചശേഷം, നാം മനഃപൂർവ്വം പാപം ചെയ്താൽ പാപങ്ങൾക്കുവേണ്ടി ഒരു യാഗവും, ശേഷിക്കാതെ ന്യായവിധിക്കായ ഭയങ്കരമായോരു പ്രതീക്ഷയും എതിരികളെ ദഹിപ്പിപ്പാനുള്ള ക്രോധാഗ്നിയുമേയുള്ളു. മോശെയുടെ ന്യായപ്രമാണം അനുസരിക്കാത്തവന്നു കരുണ കൂടാതെ രണ്ടു മൂന്നു സാക്ഷികളുടെ വാമൊഴികേട്ടു മരണ ശിക്ഷ ലഭിക്കുന്നുവല്ലോ. ദൈവപുത്രനെ ചവിട്ടിക്കളകയും, തന്നെ വിശുദ്ധീകരിച്ച, നിയമ രക്തത്തെ മലിനം എന്നു നിരൂപിക്കയും കൃപയുടെ ആത്മാവിനെ നിന്ദിക്കയും ചെയ്തവൻ? എത്ര കഠിനമേറിയ ശിക്ഷക്കു പാത്രമാകും എന്നു വിചാരിപ്പിൻ, "പ്രതികാരം എനിക്കുള്ളതു, ഞാൻ പകരം വീട്ടും'' എന്നും, "കർത്താവു തന്റെ ജനത്തെ ന്യായം വിധിക്കും" എന്നും അരുളിച്ചെയ്തവനെ നാം അറിയുന്നുവല്ലോ. ജീവനുള്ള ദൈവത്തിന്റെ കയ്യിൽ വീഴുന്നതു ഭയങ്കരം.

ക്രിസ്ത്യാനികൾ ഓരോ ആഴ്ച്ചവട്ടത്തിന്റെ ഒന്നാംനാളിലും കർതൃമേശ പങ്കിടണമെന്നു തിരുവെഴുത്തിൽ നാം വായിച്ചു. ആത്മീക വർദ്ധനവിനും കൂട്ടായ്മക്കും ആഴ്ച്ചയുടെ മദ്ധ്യത്തിലും നിരന്തരമായി പല ഇടവകകളും കൂടിവരുന്നു. ഇതിലെല്ലാറ്റിലും ക്രിസ്തുവിന് തന്റെ ജീവിതം അർപ്പിച്ചിരിക്കുന്ന ഓരോരുത്തരും പങ്കെടുക്കും. അവർ ക്രിസ്തീയ വളർച്ചയെ ദ്യോതിപ്പിക്കുകയും, ക്രിസ്തുവിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നതിൽ നിലനിൽക്കുകയും ചെയ്യുന്നു.

**ഉപസംഹാരം**

ഏതു സമൂദായ വിഭാഗത്തെയും പരിശോധിക്കുന്നതിനു ഉതകുന്ന ചോദ്യങ്ങൾ തയ്യാറാക്കുവാൻ പര്യാപ്തമായ പഠനം പുതിയ നിയമാരാധനയെകുറിച്ചു നിങ്ങൾ നടത്തി. ഉദാഹരണത്തിനു, ചോദി ക്കാം,

“കർത്തൃമേശ ആഴ്ച്ച വട്ടത്തിന്റെ ഒന്നാം നാളിൽ എടുക്കേണമോ?”; “അതിന്റെ ഉപദേഷ്ടാക്കന്മാർ വിശ്വസ്തമായി ദൈവത്തിന്റെ വചനം പ്രഖ്യാപിക്കുണ്ടോ?”; “പുരുഷന്മാർ മാത്രമാണോ ആരാധനനയിക്കുന്നതു?”

നിങ്ങൾ പരിശോധന നടത്തുമ്പോൾ സ്വന്ത ഹൃദയത്തിലെ പരിശോധന വിട്ടുകളയരുത്. നിങ്ങൾ നിങ്ങളോടു തന്നെ ചോദിക്കുക, “ഞാൻ ക്രിസ്ത്യാനികളോടൊപ്പം ദൈവത്തെ ആരാധിക്കുവാൻ ഇഷ്ടപ്പെടുന്നുണ്ടോ?”; “സഭായോഗത്തിന്നു വരുമ്പോൾ, ഞാൻ ആരാധിക്കാൻ തയ്യാറാണോ?”; “ഞാൻ അവിടെ ആയിരിക്കുമ്പോൾ, വാസ്തവത്തിൽ ആരാധിക്കുന്നുണ്ടോ?”[19] ഇവ പ്രാധാന്യമുള്ള ചോദ്യങ്ങളാണ്.

---

കുറിപ്പുകൾ

[1]“കർത്തൃ ദിവസം” എന്നു യോഹന്നാൻ പറഞ്ഞപ്പോൾ അതു ആഴ്ചവട്ടത്തിന്റെ ഒന്നാം നാൾ ആണെന്നു ദൈവ ശ്വാസീയരല്ലാത്ത ക്രിസ്തീയ എഴുത്തുകാർ ഉറപ്പിക്കുകയുണ്ടായി. [2]യെഹൂദന്മാർക്കു “പെസഹ” എന്ന പേരിൽ പെരുനാൾ ഉണ്ടായിരുന്നു. അതു മിസ്രയിമിൽ ബാധവരുത്തിയപ്പോൾ ദൈവം അവരുടെ വീടുകളെ “കടന്നു പോയതിനെ” ഓർമ്മിപ്പിക്കുന്നതിനായിരുന്നു (പുറപ്പാട് 12 നോക്കുക). [3]വ്യക്തിപരമായ യോഗ്യതക്കല്ല ഊന്നൽ കൊടുത്തിരിക്കുന്നത് (ആരും യോഗ്യരല്ല), എന്നാൽ *പങ്കെടുക്കുന്നരീതിക്കാണ്* യേശുവിന്റെ യാഗത്തെ ചിന്തിക്കാതിരിക്കയോ, തന്റെ ഹൃദയത്തിൽ അതിനെ സൂചിപ്പിക്കുകയോ, ചെയ്യാതെ പങ്കെടുക്കുന്നവർ, “അയോഗ്യരായി” പങ്കെടുക്കുന്നവരാണ്. [4]മത്തായി 26:26-29; മർക്കൊസ് 14:22-25; ലൂക്കൊസ് 22:19, 20. [5]പെസഹ പെരുന്നാളിൽ പുളിപ്പില്ലാത്ത അപ്പം മാത്രമാണ് ഉപയോഗിച്ചിരുന്നത് (പുറപ്പാട് 12:15 നോക്കുക). [6]മത്തായി 26:29; മർക്കൊസ് 14:25; ലൂക്കൊസ് 22:18 നോക്കുക. ഇന്നു, “മുന്തിരി വള്ളിയുടെ അനുഭവം” എന്നു പറഞ്ഞാൽ ക്രഷ്, ജൂസ് എന്നിങ്ങനെ പലതുണ്ട്; പക്ഷെ അതു അർത്ഥമാക്കിയത് മുന്തിരിച്ചാറ് മാത്രം. [7]ചില മത സംഘടനകളിൽ, തിരഞ്ഞെടുക്കപ്പെട്ട ചിലർ മാത്രമെ മുന്തിരിവള്ളിയുടെ അനുഭവം പങ്കിട്ടിരുന്നുള്ളു, ശേഷിച്ചവർ അപ്പം മാത്രം ഭക്ഷിച്ചിരുന്നു. ഇതു പുതിയ നിയമ മാതൃക വിരുദ്ധമാണ്. [8]NASB പറയുന്നതു “പങ്കിടൽ” എന്നാണ്. [9]പുതിയ നിയമത്തിൽ, “അപ്പം നുറുക്കൽ” എന്ന പ്രയോഗം സാധാരണ ആഹാരത്തെയും സൂചിപ്പിക്കുന്നതായിരുന്നു. അതു സാധാരണ ഭക്ഷണമാണോ അതോ കർത്തൃമേശയാണോ എന്നു സന്ദർഭം പറയും. [10]പൗലോസ് അവരോടു പറഞ്ഞതു കൃത്യമായി നമുക്ക് അറിഞ്ഞുകൂടാ. പക്ഷേ അവന്റെ ചുണ്ടിൽ എല്ലായ്പോഴും ദൈവ വചനമുണ്ടായിരുന്നു എന്നു നമുക്കറിയാം. അതേ യാത്രയിൽ അവൾ മറ്റു ക്രിസ്ത്യാനികളോടു പറഞ്ഞതെന്തെന്നറിയുവാൻ ഉദാഹരണത്തിനു പ്രവൃത്തി 20:31; 32 നോക്കുക.

[11]ഒരു ഉപദേഷ്ടാവ് ബൈബിൾ ദൈവത്തിൽ നിന്നാണെന്നു പറയാതെ മുമ്പോട്ടു പോകാൻ സാദ്ധ്യമല്ല. നിർഭാഗ്യവശാൽ, ചില നാമധേയ വിഭാഗങ്ങളുടെ പ്രസംഗപീഠങ്ങൾ, ബൈബിൾ ദൈവശ്വാസീയമെന്നു വിശ്വസിക്കാത്ത ആളുകളാൽ നിബിഢമാണ്. [12]1 തിമൊഥെയൊസ് 2:8, 11, 12 നോക്കുക. ചില സാഹചര്യങ്ങളിൽ ഉപദേശിക്കുവാൻ സ്ത്രീകളെ പുതിയ സ്ത്രീകളെ പുതിയ നിയമം അനുവദിക്കുന്നുണ്ട് (പ്രവൃത്തി 18:26), എന്നാൽ സഭ ആരാധനക്കായി കൂടി വരുമ്പോൾ സ്ത്രീ പ്രസംഗിക്കയോ ഉപദേശിക്കയോ അരുത്. [13]“ആമേൻ” എന്ന വാക്കിന്റെ ലളിതമായ നിർവ്വചനം “അങ്ങനെ ആകട്ടെ”

എന്നാണ്. അതു "പ്രാർത്ഥന അവസാനിക്കുമ്പോൾ" ഉപയോഗിക്കേണ്ട വെറും വാക്കല്ല. "ഉദാഹരണത്തിനു, ഉപദേഷ്ടാവു പറഞ്ഞ, ചില കാര്യങ്ങളോടു നിങ്ങൾ യോജിക്കുന്നുവെങ്കിൽ ആമേൻ എന്ന വാക്ക് ഉപയോഗിക്കാം." [14]സാധാരണ ഇതൊരു പണശേഖരമാണ്, എന്നാൽ മറ്റു വസ്തുക്കളുടെ ശേഖരവുമാകാം. [15]ഓരോ ക്രിസ്ത്യാനിയും രഹസ്യമായി പണം ശേഖരിച്ചു വെക്കണം എന്ന് ഒറ്റ വായനയിൽ തോന്നിപോകും എന്നാൽ, പൗലോസും ഒഴിവാക്കൽ പറയുന്ന കാര്യം അവൻ വരുമ്പോൾ, "ധർമ്മശേഖരം" ഉണ്ടാകരുത് എന്നാണ്. ഈ ശേഖരം സഭയാണ് നടത്തേണ്ടതു (വാക്യം 1) അങ്ങനെ പൗലോസ് വരുമ്പോൾ "ശേഖരം" ഒഴിവാക്കും (വാക്യം 2) "ചരതിച്ചു വെക്കേണ്ടതു" പരസ്യമായ സഭാ പ്രവർത്തിയാണ്. അതു പൊതുവായ ധനമായി സൂക്ഷിക്കണം (ചിലപ്പോൾ അതു "സഭാ ഖജനാവ്" എന്നും പറയാറുണ്ട്). [16]തനിക്കു "കഴിവുള്ളതു" സൂചിപ്പിക്കുന്നതു അവന്റെ സമ്പാദ്യത്തിൽ നിന്ന് എന്നാണ്. നിങ്ങൾക്ക് ഇന്ന് പറയുന്നവാക്കായ "സമൃദ്ധി" കൂടാതെ ബൈബിളിൽ പറയുന്ന "സമൃദ്ധി" ആകാം. [17]എംഫസിസ് മൈൻ. [18]ചിലർ കരുതിയിരുന്നത്, എബ്രായ ലേഖനത്തിലെ പ്രാരംഭ വായിനക്കാർ, "ഇന്നു എന്നതു യെരുശലേമിന്റെ നാശമായിരുന്നു എന്നാണ്. [19]കൊച്ചു കുട്ടികളുള്ള അമ്മമാർക്കു ഒരു പ്രത്യേക കുറിപ്പ് ഞാൻ ചേർക്കാറുണ്ട്. നിങ്ങളുടെ കുട്ടികൾ ചെറുതായിരിക്കുമ്പോൾ, ആരാധിക്കാൻ വിഷമമാണ്. എന്നാൽ ഇത് ഒരിക്കലും ആരാധനയിൽ നിന്നു നിങ്ങളെ അകറ്റി നിർത്താൻ അനുവദിക്കരുത്. ആരാധനാ സമയത്ത് ഏറ്റവും നന്നായി പങ്കെടുക്കും. ദൈവം മനസിലാക്കും, നിങ്ങൾ കുട്ടികളെക്കൊണ്ടു വരികയും "ബാലശിക്ഷയിലും പഥ്യോപദേശത്തിലും" അവരെ വളർത്തുകയും വേണം (എഫെസ്യർ 6:4).